
| വാക്കുകൾ/ പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| **ആഗിരണം ചെയ്യുന്ന ഉൽപന്നങ്ങൾ** | ആഗിരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ മൂത്രം അല്ലെങ്കിൽ മലത്തെ പുറത്തേയ്ക്ക് പോകാതെ ആഗിരണം ചെയ്യുന്നു. ആഗിരണം ചെയ്യുന്ന ഈ ഉൽപ്പന്നങ്ങൾ കഴുകിയെടുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാം. അവയെ നാപ്ക്കിനുകൾ അല്ലെങ്കിൽ ഡയപ്പറുകൾ എന്നും വിളിക്കാം. |  |
| **കത്തീറ്റർ** | മൂത്രാശയത്തിൽ നിന്ന് മൂത്രം ഒഴുക്കി കളയാൻ ഉപയോഗിക്കുന്ന മൃദുവായ ഒരു കുഴൽ. സ്വന്തമായോ തനിയെയോ മൂത്ര വിസർജ്ജനം ചെയ്യാൻ കഴിയാത്ത ആളുകൾ ഇവ ഉപയോഗിക്കുന്നു. കത്തീറ്ററിന്റെ തരം അനുസരിച്ച്, ലെഗ് ബാഗ് പോലുള്ള മറ്റ് ഉപകരണങ്ങളും ആവശ്യമാണ്. |  |
| **പേശീ നിയന്ത്രണം** | സാമൂഹികമായി സ്വീകാര്യമായ ഒരു സ്ഥലത്ത് സ്വമേധയാ നിയന്ത്രിച്ചുകൊണ്ട് മല മൂത്ര വിസർജ്ജനം ചെയ്യുവാനുള്ള കഴിവ്. വിജയകരമായി ശുചിമുറിയിൽ പോകുന്നതായി ഇതിനെ വിവരിക്കാം. | |
| **വ്യക്തി ശുചിത്വം** | അണുബാധകൾ, ഉരയൽ അല്ലെങ്കിൽ ഈർപ്പവുമായി ബന്ധപ്പെട്ട് ചർമത്തിൽ ഉണ്ടാകുന്ന കേടുപാടുകൾ എന്നിവ പോലുള്ള ആരോഗ്യപരമായ അപകടസാധ്യതകൾ കുറയ്ക്കുന്നതിനായി വ്യക്തി ശുചിത്വം പാലിക്കുവാനുള്ള കഴിവ്. |  |
| **സമ്മർദ്ദ മുറിവ്** | ചർമ്മത്തിലുണ്ടാകുന്ന വിള്ളലാണ് സമർദ്ദ മുറിവ്. ഇത് സാധാരണയായി സന്ധികൾക്ക് ചുറ്റിനുമാണ് കാണുക, സ്പർശനാനുഭൂതി (സംവേദനം) അല്ലെങ്കിൽ ചലിക്കുന്നതിലും സ്ഥാനം | |

| | | |
|---|---|---|
| | മാറുന്നതിലും ബുദ്ധിമുട്ടുള്ള ആളുകളിൽ ഇത് സാധാരണയായി കണ്ടുവരുന്നു. | |
| **പേശീ നിയന്ത്രണമില്ലായ്മ** | ഒരു വ്യക്തിക്ക് മല മൂത്ര വിസർജ്ജനം സ്വമേധയാ നിയന്ത്രിക്കാൻ കഴിയാതെ വരുക. | |
| **സ്വയം പരിചരണം** | സ്വയം പരിചരണമെന്നാൽ സ്വയം പരിപാലിക്കുക എന്നാണ്. ഒരു വ്യക്തി അവരുടെ അടിസ്ഥാനപരമായ വ്യക്തിഗത ആവശ്യങ്ങൾക്കായി എല്ലാ ദിവസവും ചെയ്യുന്ന സ്വയം പരിചരണ പ്രവർത്തനങ്ങളിൽ TAP ന്റെ ഈ മൊഡ്യൂൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉദാഹരണത്തിന്: വൃത്തിയാകുക, ശുചിമുറിയിൽ പോവുക, വസ്ത്രം ധരിക്കുക, ഭക്ഷണം കഴിക്കുക, വെള്ളം കുടിക്കുക. | |
| **മൂത്രനാളി** | മൂത്രനാളി നമ്മുടെ മൂത്രവ്യവസ്ഥയുടെ ഒരു ഭാഗമാണ്. മൂത്രം ഒരു വ്യക്തിയുടെ മൂത്രസഞ്ചിയിൽ നിന്ന് മൂത്രനാളിയിലൂടെയാണ് ശരീരത്തിന് പുറത്തേക്ക് പോകുന്നത്. |  |